മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ.—എത്ര കാലപ്പഴക്കമുണ്ടെന്നു പറയാമോ?

രാമവമ്മതമ്പുരാൻ.—നിശ്ചയമില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ.—കൈരളിഎന്ന മാസിക എത്രപ്രതിവരുത്തുന്നുണ്ട്.

രാമവമ്മതമ്പുരാൻ.—നിശ്ചയമില്ല.

Death of Vellayyan.

346. മിസ്റ്റർ കെ. പി. വള്ളോൻ.—(a) മിസ്റ്റർ വെള്ളയ്യൻ മരിച്ചവിവരം സംരക്ഷകൻ അവർകൾ വല്ലവിധത്തിലും അറിയുകയുണ്ടായോ; ഉണ്ടായിരുന്നെങ്കിൽ അറിഞ്ഞതിനുശേഷം എന്തുചെയ്തു;

(b) ടിയാന്റെ പ്രേതത്തിൽ ഉണ്ടായിരുന്ന എന്നറിയുന്ന എഴുത്തിലെ താല്പര്യം എന്താണെന്നു പറയുവാൻ ഭയമുണ്ടോ;

(c) ടി സംഭവത്തിന്റെ അവസാന തീർപ്പുകൽപ എന്തെല്ലാം?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—(a) ഉവ്വ്. വിവരം അറിഞ്ഞ ഉടനെ പോലീസ് സ്റ്റേഷനിലേക്കു അറിവുകൊടുത്തു.

(b) മൃതശരീരത്തിൽനിന്നു യാതൊരു എഴുത്തും കിട്ടിയിട്ടില്ല.

(c) പോലീസ് അന്വേഷണത്തിൽ ആത്മഹത്യയാണെന്നു റിക്കാർട്ടാക്കി.

മിസ്റ്റർ കെ. പി. വള്ളോൻ.—മിസ്റ്റർ വെള്ളയ്യൻ മരിക്കുവാനുണ്ടായ കാരണമെന്താണെന്നന്വേഷിയ്ക്കുകയുണ്ടായോ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—ചില എഴുത്തുകൾ കണ്ടുകിട്ടിയതിൽ നിന്നും മനസ്സിലാകുന്നതു പ്രമോഷൻകിട്ടാത്ത കാരണമാണെന്നാണ്.

മിസ്റ്റർ കെ. പി വള്ളോൻ.—അയാൾ എങ്ങിനെയാണമരിച്ചതെന്നു പറയാമോ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—ഒച്ചിയവും എണ്ണയും കുടികഴിച്ചാണു മരിച്ചതു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ.—മരിച്ച വെള്ളയ്യന്റെ ജോലി സംരക്ഷണഡിപ്പാർട്ടുമെണ്ടിൽ പെട്ടതായതുകൊണ്ടു് സംരക്ഷകൻ അതിനെപറ്റി വല്ലകാരണങ്ങളും പറയുകയുണ്ടായോ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—അതിനെപറ്റി വിവരമില്ല.

രാമവമ്മതമ്പുരാൻ.—അയാൾ പ്രൊട്ടക്ടരുടെ കീഴിലുള്ള ഒരു ക്ലാർക്കാണു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ.—ആ ക്ലാർക്ക് ഉദ്യോഗകയറ്റം കിട്ടണമെന്നു് മരിക്കുന്നതിനു മുമ്പായി അടുത്തതന്നെ വല്ല അപേക്ഷയും ബോധിപ്പിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

രാമവർമ്മപുരാൻ.—ഗവർമെണ്ടിലേയ്ക്കു അപേക്ഷ വന്നിട്ടുള്ളതായി അറിവില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—സംരക്ഷകനു് വല്ല അപേക്ഷയും അയച്ചിട്ടുണ്ടായിരുന്നോ?

രാമവർമ്മപുരാൻ.—ഉണ്ടായിരുന്നു. അതിൽ പ്രമോഷൻ കിട്ടണമെന്നു് ആവശ്യപ്പെട്ടിരുന്നു.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—അയാളുടെ പ്രമോഷനെ അവഗണിച്ചാണു് വേറെ ഒരാൾക്കുകൊടുത്തതെന്നു് ആ അപേക്ഷയിൽ ആവലാതിപ്പെട്ടിട്ടുണ്ടായിരുന്നുവോ?

Mr. P. Nilakanta Menon—I have a copy of the petition taken from the box of the deceased man.

I shall just read that petition in this House.

It runs thus:—

To

The Diwan of Cochin,
Ernakulam.

Thro'

The Protector of the Depressed Classes,
Ramavarmapuram.

Sir,

I beg leave to submit the following grievances for your kind consideration and favourable disposal.

I am an acting clerk in the Labour Department having a total service 12 months and 25 days excluding some of my services in the Government Press Office. According to the amendment to S. O. 16 dated 4th November 1932 R. Dis. 7800/08, total service is to be ascertained and considered for determining seniority between contesting claimants. A permanent vacancy occurred in this office on Rs. 20—25 and Mr. Seshadri Ayyar was confirmed last week.

The fact that I am senior to Mr. Seshadri Ayyar for 2 months 16 days was brought to the knowledge of the Protector, but to my disappointment, a memo was issued to me stating that 'Mr. P. V. Seshadri Ayyar is a graduate who had passed tests. The orders already passed confirming Mr. Seshadri Ayyar as a clerk on Rs. 20—25 will stand'. This I humby beg to submit is not supported by any acceptable rule, for tests are prescribed and considered necessary only for appointments to the grades above Rs. 40 in our department (vide please your R. Dis. 4604/08 dated 23rd December 1932). Further graduates are not to be preferred to School Finals who are already in service or who have got greater service (please vide your Circular dated 11th February 1931, Dis. 1690/D/06). Thus it will be clear that no special qualification is necessary for the post of a clerk on Rs. 20—25.

Moreover, I beg to state that I belong to the 'Vaniya' community, one of the backward communities in the State services whereas Mr. Seshadri belongs to the Brahmin community which is over represented in the State service. The effect of this inequitable order will be, not only, to have to look to my seniority but will also be to oust me from service ever.

In the light of the above facts I humbly request you to be good enough to declare my seniority and confirm me instead of Mr. Seshadri.

I beg to remain, etc.

Then there is a note to this petition. It is this.

LIBRARY ARCHIVES Kerala Legislative Assembly

'Last Words.'

To

C. G. Herbert Esquire,
Diwan of Cochin.

Sir,

Leaving..... .....is indeed better than living under such shylock Protector. May you save my cursed but my aged parents.

മിസ്റ്റർ പി. കുമാരനെഴുത്തഛൻ.—അവസാനമായി വായിച്ചതു പെറ്റീഷന്റെ പുറത്തുഎഴുതീട്ടുള്ളതാണോ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—അതു Petitionനിൽ ഉള്ള ഒരു നോട്ടാണു്.

മിസ്റ്റർ പി. കുമാരനെഴുത്തഛൻ.—അതിന്റെ കാപ്പി ഗവ ൎമ്മെണ്ടിലേയ്ക്കയച്ചുകൊടുത്തിട്ടുണ്ടോ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—അറിഞ്ഞുകൂടാ. ഇതു് പോലീസ്നേഷണത്തിൽ കിട്ടിയതാണു്.

മിസ്റ്റർ പി. കുമാരനെഴുത്തഛൻ.—അതിന്റെ date എത്രയാണു്?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—ൻ—ഫ ഫ —ഫ ൻസ.

മിസ്റ്റർ പി. കുമാരനെഴുത്തഛൻ.—മരണം എത്രാം തീയതിയാണു്?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—ഫ —ർ —ഫ ഫ ഠ ൻ.

മിസ്റ്റർ പി. കുമാരനെഴുത്തഛൻ.—അതുരണ്ടും മലയാളവഷ്മാക്കി പറഞ്ഞാൽ കൊള്ളാം?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—നോക്കിപറയാം.

മിസ്റ്റർ ജോർജ്ജ ചാക്യാമുറി.—ഈ മാതിരി ന്യായമായ അവകാശത്തെ അവഗണിച്ച കാരണത്താൽ തുങ്ങിച്ചാകുന്ന എത്ര ആളുകളുണ്ടെന്നു് ഒരു കണക്കുപറയാമോ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—തുങ്ങിച്ചത്തുകഴിഞ്ഞാൽ കണക്കെടുക്കാം.

Mr. George Chakyamuri.—I think the matter came to the notice of the Government through some press reports.

Mr. P. Nilakanta Menon.—Yes.

മിസ്റ്റർ പി. കുമാരനെഴുത്തഛൻ.—ഈ Petition കണ്ടതിന്റെ ശേഷം അതിൽ പറയുന്ന സംഗതികളെപ്പറ്റി അന്വേഷണം നത്തുകയുണ്ടായോ;

Rama Varmha Tampuran.—Remarks were called for from the Protector and he has sent us a copy of this petition and he also gave his reasons for selecting Mr. Sheshadiri Ayyar. Government did not further inquire into the matter as the party was dead. So we simply recorded it.

മിസ്റ്റർ പി. കുമാരനെഴുത്തഛൻ.—ഈ റിപ്പോർട്ടു വന്നതിനു ശേഷം ഇതിൽ പറയുന്ന സംഗതികൾ ശരിയാണെന്നു് പ്രോട്ടെക്ടർ ഗവർമ്മെണ്ടിലേയ്ക്കു റിപ്പോർട്ടു ചെയ്തിട്ടുണ്ടോ; അയാളുടെ അ

LIBRARY ARCHIVES Kerala Legislative Assembly

പേക്ഷയിൽ സ്റ്റാൻറിംഗ് ഓർഡർ പതിനാറാം വകുപ്പ പ്രകാരമുള്ള അവകാശത്തെ അവഗണിച്ചാണ് സുപ്രീംസ്റ്റിൽ ജൂനിയറായ ഒരാളെ വച്ചത് എന്നുപറയുന്നതു ശരിയാണോ;

Rama Varmha Tampuran.—The Protector has justified his choice. Therefore the Government simply recorded this file as the appellant was dead.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—അയാൾക്കു് അവകാശപ്പെട്ടിരിക്കുന്നതായ ഒരുപ്രമോഷൻ കൊടുക്കാതെ കിട്ടുവാൻ അവകാശമില്ലാത്തതായ ഒരാൾക്കു് കൊടുത്തു എന്നു പറയുന്നതു് ശരിയാണോ എന്നാണു് ചോദ്യം.

Rama Varmha Tampuran.—The Protector has justified his choice but Government did not pass any orders whether this man or that man is to be appointed in that permanent vacancy because the party had already died. In the opinion of the Protector his action was right.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—അയാളുടെ ആക്ഷൻ rectify ചെയ്യുവാൻ സമയം ഉണ്ടായിരുന്നോ എന്നാണു് ചോദ്യം.

Rama Varmha Tampuran.—We did not go into the question in detail.

Mr. K. Ayyappan.—Who was the Diwan at the time of this so-called overlooking of the claim? Was it Mr. Kasturi Ranga Ayyar?

Rama Varmha Tampuran.—I do not know. The appointment itself was made by the Protector himself.

Mr. K. Ayyappan.—Is Mr. Sheshadri Ayyar in any way related to Mr. Kasturi Ranga Ayyar?

Rama Varmha Tampuran.—I do not know.

മിസ്റ്റർ സി. എ. ഔസേപ്പ്. അധ:കൃതസംരക്ഷകൻറെ അനേഷണംഗവമ്മെണ്ടിനു തൃപ്തികരമായിരുന്നുവോ;

Rama Varmha Tampuran.—We did not go into the matter. We simply recorded those papers.

Mr. P. Kumaran Ezhuthassan.—May I know the date of the petition and the day on which death occurred?

Mr. P. Nilakanta Menon.—24th Thulam 1109 and 2nd Vrischigam 1109 respectively.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—അയാൾ മരിച്ചതുകൊണ്ടു് പിന്നീടൊന്നും അനേഷിച്ചില്ലയെന്നു പറഞ്ഞു. മരിച്ചതുകൊണ്ടെങ്കിലും മേലാൽ ഇങ്ങിനെ പരാതി രിക്കുവാൻവേണ്ടി പ്രതേകം ഇത് അനേഷിക്കേണ്ടതല്ലേ?

രാമവമ്മതമ്പുരാൻ.—പ്രമോഷൻ കിട്ടിയില്ലെന്ന് കാരണത്താൽമേൽ ഇങ്ങിനെ ഓരോരുത്തർ മരിക്കുവാൻ തുടങ്ങിയാൽ അതിനെ തടയുവാൻ സാധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. കെ. നായർ.—ഡിപ്പോട്ട്മെണ്ട് മേലധികാരികൾ അഴിമതി ചെയ്യുന്നുണ്ട് മരിച്ചതെങ്കിൽ മേലാൽ അങ്ങനെ വരാതിരിക്കുവാൻവേണ്ടി അതിനെ അനേഷിക്കേണ്ടതല്ലേ?

രാമവമ്മതമ്പുരാൻ.—പ്രൊട്ടക്ടർ റിപ്പോട്ട്ചെയ്തിരിക്കുന്നതു് ശേഷാദ്രിഅയ്യരെ അപ്പോയിൻറുചെയ്തതു് ശരിയാണെന്നാണ്.

മിസ്റ്റർ ടി. കെ. നായർ.—പ്രൊട്ടക്ടരുടെ റിപ്പോട്ട് ശരിയാണെന്നനേഷിക്കേണ്ട മുമതല ഗവമ്മെണ്ടിനല്ലേ?

Colony for the Depressed Classes at Eriyad.

347. മിസ്റ്റർ കെ. പി. വള്ളോൻ.—(a) എറിയാട് ദേശനിവാസികളായ അധഃകൃതക്ക് ഒരു കോളനി ഉണ്ടാക്കിക്കൊടുക്കുവാൻവേണ്ടി വല്ല ഹർജികളും കിട്ടീട്ടുണ്ടോ;

(b) ഉണ്ടെങ്കിൽ എന്തുചെയ്തു?

രാമവമ്മതമ്പുരാൻ.—(a) ഉണ്ടു്.

(b) എറിയാട് വില്ലേജിൽ പുറമ്പോക്കുസ്ഥലം ഇല്ലാത്തതുകൊണ്ടു കോളനിക്കുവേണ്ടിയുള്ള സ്ഥലം വിലകൊടുത്തു വാങ്ങുവാൻ ആലോചിച്ചുവരുന്നുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈഹർജി കിട്ടിയിട്ടു എത്ര നാളായി?

രാമവമ്മതമ്പുരാൻ.—date നിശ്ചയമില്ല; നോക്കിവേണം പറയുവാൻ.

മിസ്റ്റർ കെ. പി. വള്ളോൻ.—എത്രനാൾകൊണ്ടു് ഈ ആലോചന പൂർത്തിയാക്കും?

രാമവമ്മതമ്പുരാൻ.—ഉടനെ കഴിയും.

Utsavam expenditure in Bhajanamadom of the Depressed Classes.

348. മിസ്റ്റർ കെ. പി. വള്ളോൻ.—ഫസ്ലി മുതൽ ഫസ്ലി വരെ ഈ രാജ്യത്തെ അധഃകൃതഭജനമാങ്ങളിൽ ഉത്സവംകഴിക്കുവാൻ പിരിവായിട്ടുള്ള സംഖ്യയുടെ ഇനം തിരിച്ചുള്ള ഒരു ലിസ്റ്റ് മേശപ്പുറത്തു വെക്കുമോ?

രാമവമ്മതമ്പുരാൻ.—അധഃകൃത ഭജനമഠങ്ങളിൽ ഉത്സവം കഴിക്കുവാനായി പിരിവായിട്ടുള്ള സംഖ്യയുടെ ഒരു ലിസ്റ്റ് അനുബന്ധമായി ചേർത്തിരിയ്ക്കുന്നു. (അനുബന്ധം V).

മിസ്റ്റർ കെ. പി. വള്ളോൻ. ഉത്സവങ്ങൾ ആരുടെ ഏർപ്പാടിലാണ് നടത്തുന്നതു്? സംരക്ഷകൻറെയോ അല്ല അവിടെ താമസിക്കുന്ന ആളുകളുടേയോ?

രാമവമ്മതമ്പുരാൻ.—അവിടെ താമസിക്കുന്ന ആളുകളുടെ ഏർപ്പാടിലാണു്.

മിസ്റ്റർ സി. എ. ഒസേപ്പ്.—ഗവമ്മെണ്ടിൽനിന്നു അതിലേയ്ക്കു് സംഖ്യ അനുവദിക്കേണ്ട ആവശ്യമെന്താണു്?

LIBRARY ARCHIVES Kerala Legislative Assembly